**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2005

13-06-2019 ൽ മറുപടിയ്ക്ക്

## അഗ്നിസുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.പി.കെ.ബഷീർ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി തീപിടുത്തം ഉണ്ടാകുകയും വൻ നാശനഷ്ടം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ അഗ്നിശമന സേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; | എ) | നടത്തിയിട്ടുണ്ട്. |
| ബി) അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതും സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതുമായ കെട്ടിട സമുച്ചയങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;<br><br>സി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | ബി) & സി) | കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 8611 കെട്ടിടങ്ങളിൽ നടത്തിയ പരിശോധനയിൽ 4095 കെട്ടിടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതായും അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ തന്നെ 1340 എണ്ണത്തിൽ പ്രസ്തുത സംവിധാനങ്ങൾ പ്രവർത്തനക്ഷമമായിരുന്നില്ല എന്നും കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾക്ക്/ താമസക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. നിരവധി കെട്ടിടങ്ങളിലെ പ്രവർത്തനക്ഷമമല്ലാതിരുന്ന സ്ഥിരം അഗ്നിശമന സംവിധാനങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ നോട്ടീസ് നൽകിയിരുന്ന കെട്ടിടങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിയ്ക്കുന്നതിലേയ്ക്കായി നിലവിൽ രണ്ടാം ഘട്ട പരിശോധനകൾ നടന്നു വരുന്നു. |

നിയമപരമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങളിൽ അവ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുകയും സ്ഥാപിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ല ദുരന്ത നിവാരണ അതോറിറ്റിയ്ക്കും വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ